## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2687 — 06.02.2018-ൽ മറുപടിയ്ക്ക്

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നിയമനം

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരിനാഥൻ | ഉത്തരം<br>ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം എന്ന ആശയം മുൻ നിർത്തി ആരംഭിച്ച വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം തൊഴിൽ സാധ്യതകളാണ് നിലവിൽ ഉള്ളതെന്ന് അറിയിക്കാമോ; | (എ) വി.എച്ച്.എസ്.സി ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സ് വിജയിച്ചവർക്ക് മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, ചിക്ക് സെക്സർ എന്നീ തസ്തികകളിലേയ്ക്ക് ജോലിക്കായി അപേക്ഷിക്കാവുന്നതാണ്. |
| (ബി) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ അടിസ്ഥാനയോഗ്യത എന്താണ്; ഈ തസ്തികയിൽ നിശ്ചിത യോഗ്യതയില്ലാത്തവരെ പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത് പ്രത്യേക പരിഗണനയാണ് ഇവർക്ക് കിട്ടുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) വി.എച്ച്.എസ്.സി ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ആണ് നിലവിൽ മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യത. എസ്.എസ്.എൽ.സി യോഗ്യതയുള്ള വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ പ്രത്യേക പി.എസ്.സി വിജ്ഞാപനം വഴി തെരഞ്ഞെടുത്തും നിയമനം നൽകി വരുന്നു. ജില്ലകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 15% ഇപ്രകാരം ബൈ-ട്രാൻസ്ഫർ നിയമനത്തിന് നീക്കി വയ്ക്കുന്നുണ്ട്. |
| (സി) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരായി മറ്റ് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഏത് തസ്തികയിൽ നിന്നും ആണ് ഇങ്ങനെ പരിഗണിക്കുന്നത്; | (സി) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2, തസ്തികയുടെ 15% ബൈ-ട്രാൻസ്ഫർ മുഖേന നിയമിക്കുന്നുണ്ട്. നിശ്ചിത യോഗ്യതയുള്ള ക്ലാസ് 4 ജീവനക്കാർക്ക് ഇത്തരത്തിൽ നിയമനം നൽകാറുണ്ട്. ഇങ്ങനെ നിയമിക്കപ്പെടുന്ന |

| | | | |
|---|---|---|---|
| | ഇവർക്ക് പ്രസ്തുത തസ്തികയിൽ ജോലിചെയ്യുന്നതിനുള്ള നിശ്ചിത യോഗ്യത ഉണ്ടോ; ഇല്ലെങ്കിൽ മൃഗസംരക്ഷണവും കന്നുകാലി പരിപാലനവും അറിയാത്തവർ ഇത് കൈകാര്യം ചെയ്യുന്നത് മൂലം കാലി സമ്പത്തിന് ദോഷം സംഭവിക്കു-മെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | | ജീവനക്കാർക്ക് ജോലിയിൽ പ്രവേശിക്കുമ്പോൾ തന്നെ 11 മാസത്തെ തീവ്ര പരിശീലനം വകുപ്പ് നൽകുന്നുണ്ട്. പ്രായോഗിക ബുദ്ധിമുട്ടുകൾ ഒന്നും തന്നെ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | മൃഗസംരക്ഷണവകുപ്പിൽ അവസാനം നിലവിൽ വന്ന പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരായി നിയമിച്ചിട്ടുണ്ട്; ഒഴിവുകൾ ഉണ്ടായിട്ടും പി.എസ്.സി. വഴി നിയമനം വൈകിച്ച് നിശ്ചിതയോഗ്യത ഇല്ലാത്തവരെ താഴ്ന്ന തസ്തികയിൽ നിന്നും നിയമിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) | മൃഗസംരക്ഷണ വകുപ്പിൽ അവസാനം നിലവിൽ വന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും 223 ഉദ്യോഗാർത്ഥികളെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ നിയമിച്ചിട്ടുണ്ട്. പി.എസ്.സി വഴി നിയമനം വൈകിച്ച് നിശ്ചിത യോഗ്യത ഇല്ലാത്തവരെ താഴ്ന്ന തസ്തികയിൽ നിന്നും നിയമിക്കുന്നില്ല. |
| (ഇ) | പി.എസ്.സി റാങ്ക് ലിസ്റ്റ് നിലനിൽക്കെ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരിൽ നിന്നും എത്ര പേർക്ക് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരായി നിയമനം ലഭിച്ചിട്ടുണ്ട്; ഇങ്ങനെ നിയമനം ലഭിച്ചവർ നിശ്ചിത യോഗ്യത ഉള്ളവരാണോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തികയിലേയ്ക്ക് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സ് പാസ്സായവരെ മാത്രം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | മൃഗസംരക്ഷണ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും 75 പേർക്ക് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ മുഖേന നിയമനം ലഭിച്ചിട്ടുണ്ട്. ഇപ്രകാരം നിയമനം ലഭിച്ചവർ നിശ്ചിത യോഗ്യത ഉള്ളവരാണ്. |

സെക്ഷൻ ഓഫീസർ